ഉത്തരം

(എ) 10,70,14,953 രൂപയുടെ സോളാർ ഉപകരണങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്. ഈ ഉപകരണങ്ങൾ സ്ഥാപിച്ച സ്ഥലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) പെൽട്രൈഡ്രൈവ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ഡോ. മധുമംഗലിനെ കമ്പനിയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചതിനുശേഷമേ സ്ഥാനം ഏറ്റെടുക്കാവൂ എന്ന നിബന്ധനയോടെയാണ് അനർട്ട് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) അനർട്ടിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണം പൂർത്തിയായിക്കഴിഞ്ഞു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

റേഷൻ സാധനങ്ങൾക്ക് സബ്സിഡി

40 [2657] ശ്രീ. സാജു പോൾ:
,, കെ. വി. കുഞ്ഞിരാമൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സബ്സിഡി നിരക്കിൽ റേഷൻ സാധനങ്ങൾ നൽകാൻ തയ്യാറാവുമോ;

(ബി) ഇപ്പോൾ റേഷൻ സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സബ്സിഡി ഇനത്തിൽ എന്തു തുക വീതം കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബി. പി. എൽ. നിരക്കിൽ വിതരണം ചെയ്യുന്ന അരിക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പൊതുവിപണിയിലെ വിലയേക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് റേഷൻ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ വിതരണം ചെയ്യാൻ ഇപ്പോൾ കഴിയുന്നുണ്ട്. എല്ലാ റേഷൻ കാർഡുടമകൾക്കും സംസ്ഥാന സർക്കാർ സബ്സിഡി നൽകി റേഷൻ സാധനങ്ങൾ വിതരണം ചെയ്യേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

(ബി) ഇല്ല. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കാണ് ഇപ്പോൾ റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത്.

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാർ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 10.822 ലക്ഷം കുടുംബങ്ങളാണ് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കണക്കനുസരിച്ച് 15.74 ലക്ഷം കുടുംബങ്ങൾ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുന്നു. കേന്ദ്ര സർക്കാർ 10.822 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രമാണ് ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത്. ഇത് സംസ്ഥാനത്ത് നിലവിലുള്ള 15.74 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് വീതിച്ചു നൽകിവരുന്നു. ആയതിനാൽ ബി.പി.എൽ. കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട നിരക്കിൽ പ്രതിമാസം കാർഡൊന്നിന് 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ എ. പി. എൽ. നിരക്കിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ സബ്സിഡി നൽകി ബി. പി. എൽ. വിഭാഗത്തിന് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തിനുള്ള കേന്ദ്ര അരി വിഹിതവും റേഷൻ വിതരണവും

41 [2658] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് റേഷൻ വിതരണത്തിനായി കേന്ദ്ര ഗവൺമെന്റ് എത്ര ടൺ അരിയാണ് നല്കിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly